ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 08.06.2026

## പ്രധാനവാർത്തകൾ

1. ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ക്ഷേമത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇന്ത്യയുടെ വികസനയാത്രയുടെ കാതൽ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. 90 -ാം വാർഷിക ആഘോഷ നിറവിൽ ആകാശവാണി; ആശംസകളുമായി കേന്ദ്രമന്ത്രിമാർ ഉൾപ്പടെയുള്ളവർ.

3. KSRTC ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതിയുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കാൻ നിർദേശിച്ച് മുഖ്യമന്ത്രി; അന്തിമ തീരുമാനം മന്ത്രിസഭാ യോഗത്തിലെന്ന് ഗതാഗത മന്ത്രി.

4. ഷിഗെല്ല വ്യാപനത്തിനെതിരെ പ്രതിരോധം ശക്തമാക്കി സംസ്ഥാന ആരോഗ്യവകുപ്പ്.

5. നാളെ അർദ്ധരാത്രി മുതൽ സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം; ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ.

6. സംസ്ഥാനത്ത് വ്യാപക മഴ; ഇന്ന് മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**********************************************

RNU TVPM

## പ്രധാനമന്ത്രി

രാജ്യത്തെ ദരിദ്ര വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള സർക്കാരിന്റെ 12 വർഷത്തെ യാത്രയിൽ നിരവധി പരിവർത്തനങ്ങൾ സാധ്യമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ക്ഷേമത്തിനായുള്ള പ്രതിബദ്ധതയാണ് ഇന്ത്യയുടെ വികസനക്കുതിപ്പിന്റെ കാതലെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ജൻ ധൻ അക്കൗണ്ടുകൾ, സ്വച്ഛ് ഭാരത്, പിഎം ആവാസ് യോജന, ജൽ ജീവൻ മിഷൻ, ആയുഷ്മാൻ ഭാരത് തുടങ്ങിയ എല്ലാ സംരംഭങ്ങളും ജനങ്ങൾക്ക് ആത്മാഭിമാനവും അവസരങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചവയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

***********************************************

## ആകാശവാണി

ആകാശവാണി ഇന്ന് 90 ആം വാർഷികം ആഘോഷിക്കുന്നു. 1936 ജൂൺ 8 ന്, ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവീസ് ഓൾ ഇന്ത്യ റേഡിയോ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. രാജ്യത്തിന്റെ സാംസ്കാരിക, പ്രക്ഷേപണ ചരിത്രത്തിലെ ഒരു സവിശേഷ നിമിഷത്തെയാണ് ഈ ദിനം അടയാളപ്പെടുത്തുന്നത്. 1956 ൽ ആകാശവാണി എന്ന പേര് സ്വീകരിച്ചു. ഇന്ന് 591 സ്റ്റേഷനുകളുള്ള ആകാശവാണി 23 ഭാഷകളിലും 146 പ്രാദേശിക ഭാഷാ ഭേദങ്ങളിലുമായി പ്രക്ഷേപണം നടത്തുന്നു. കേന്ദ്രമന്ത്രിമാർ ഉൾപ്പടെയുള്ളവർ ആശംസകൾ നേർന്നു.

***********************************************

RNU TVPM

## പശ്ചിമേഷ്യ

പശ്ചിമേഷ്യയിൽ യുദ്ധം കടുക്കുന്നു. ഇറാനിലെ തന്ത്രപ്രധാന നഗരങ്ങളിൽ സ്ഫോടന പരമ്പരയുണ്ടായതായി ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇസ്രായേലിനെ ലക്ഷ്യമിട്ട് ഇറാൻ മിസൈൽ ആക്രമണം നടത്തിയതിന് പിന്നാലെയാണ് പ്രത്യാക്രമണം. അമേരിക്കയുടെ നേതൃത്വത്തിൽ വെടിനിർത്തൽ ശ്രമങ്ങൾ തുടരുന്നതിനിടെയാണ് സംഘർഷാവസ്ഥ രൂക്ഷമായത്.

************************************************

## ഇറാഖ് മുന്നറിയിപ്പ്

ഇറാനെതിരായ സൈനിക ആക്രമണങ്ങളിൽ യു.എസ് പങ്കുചേർന്നാൽ ഇറാഖിലെ യു.എസ് സൈനിക താവളങ്ങളെ ആക്രമിക്കുമെന്ന് ഇറാഖിലെ ഷിയാ സായുധ സംഘമായ കതൈബ് ഹിസ്ബുള്ളയുടെ ഭീഷണി. രാജ്യത്തിന്റെ വ്യോമാതിർത്തി 72 മണിക്കൂർ അടച്ചതായി ഇറാഖിന്റെ സിവിൽ ഏവിയേഷൻ അതോറിറ്റി പ്രഖ്യാപിച്ചു.

RNU TVPM

************************************************

## കെ എസ് ആർ ടി സി- സി പി ജോൺ (ഇൻട്രോ)

KSRTC ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതിയുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കാൻ ഗതാഗത വകുപ്പിനോട് നിർദേശിച്ച് മുഖ്യമന്ത്രി. മുഖ്യമന്ത്രി വി.ഡി.സതീശനുമായി ഗതാഗത മന്ത്രി സി പി ജോൺ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി.
അന്തിമ തീരുമാനം ബുധനാഴ്ച്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ ഉണ്ടാകുമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം മന്ത്രി മാധ്യങ്ങളോട് പറഞ്ഞു. ട്രാൻസ്ജൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുമെന്നും വിഷയത്തിൽ KSRTC

ജീവനക്കാർക്ക് ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു. (ഹോൾഡ് വോയിസ്- മന്ത്രി )

**********************************************

## ഷിഗെല്ല

ഷിഗെല്ല രോഗത്തിനെതിരെ പ്രതിരോധം ശക്തമാക്കി സംസ്ഥാന ആരോഗ്യവകുപ്പ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കർശനമാക്കാൻ ആരോഗ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ സാമ്പിളും വെള്ളവും പരിശോധിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കോഴിക്കോട് തലക്കുളത്തൂരിൽ നാലു വയസ്സുകാരി ഷിഗല്ല ബാധിച്ച് മരിച്ച സാഹചര്യത്തിൽ പ്രദേശത്തെ 200 ഓളം വീടുകളിൽ ആരോഗ്യ സർവേയും ബോധവത്കരണവും നടത്തി.

RNU TVPM

**********************************************

## ഇടുക്കി - കാട്ടാന ആക്രമണം

ഇടുക്കി ചിന്നക്കനാൽ സൂര്യനെല്ലിക്ക് സമീപം കാട്ടാന ആക്രമണത്തിൽ സ്ത്രീ കൊല്ലപ്പെട്ടു. സൂര്യനെല്ലി സ്വദേശി മാരി ആണ് മരിച്ചത്. മാരിയോടൊപ്പം ഉണ്ടായിരുന്ന മകൾക്ക് ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റു. വനം വകുപ്പും പോലീസും സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു. വന്യജീവി ആക്രമണങ്ങൾ തുടരുന്നതിൽ പ്രദേശവാസികൾ പ്രതിഷേധിച്ചു.

**********************************************

## എ.പി.അനിൽകുമാർ

സംസ്ഥാനത്ത് അഴിമതി രഹിത റവന്യു ഓഫീസുകൾ ഉറപ്പാക്കുമെന്ന് മന്ത്രി എ പി അനിൽകുമാർ. മലപ്പുറം പ്രസ്സ്ക്ലബ്ബ് മീറ്റ് ദ മിനിസ്റ്റർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂമി തരം മാറ്റൽ അപേക്ഷകൾ വേഗത്തിലാക്കാൻ ജില്ലാ

അദാലത്ത് സംഘടിപ്പിക്കുമെന്നും റവന്യുമന്ത്രി അറിയിച്ചു. ബന്ധു നിയമനങ്ങളെ ന്യായികരിക്കില്ലെന്നും തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**********************************************

## മന്ത്രി ബിന്ദു കൃഷ്ണ

കൊല്ലത്ത് ദേശീയപാത 66 ൻ്റെ ഭാഗമായ ബൈപ്പാസിൻ്റെ നിർമാണം മന്ത്രി ബിന്ദു കൃഷ്ണ വിലയിരുത്തി. നിർമാണവുമായി ബന്ധപ്പെട്ട് പരാതികളും പ്രശ്നങ്ങളുമുള്ള സ്ഥലങ്ങളാണ് മന്ത്രിയും സംഘവും സന്ദർശിച്ചത്. വെള്ളക്കെട്ട് ഉൾപ്പടെയുള്ള പ്രശ്നങ്ങളും, നിർമാണത്തിലെ കാലതാമസവും ഒഴിവാക്കണമെന്ന് മന്ത്രി ദേശീയപാത അധികൃതരോട് നിർദ്ദേശിച്ചു.

**********************************************

## നീറ്റ് - യു.ജി പുനഃപരീക്ഷ

ഈ മാസം 21 ന് നടക്കാനിരിക്കുന്ന നീറ്റ്-യുജി പുനഃപരീക്ഷയ്ക്കുള്ള പൊതു അറിയിപ്പ് നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. രാജ്യമൊട്ടാകെ 551 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിക്കും. ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5:15 വരെയാണ് പരീക്ഷ.

**********************************************

## പ്ലസ് വൺ ട്രയൽ അലോട്ട്മെന്റ്

സംസ്ഥാനത്ത് ഹയർസെക്കണ്ടറി പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് ഇന്ന് മുതൽ പരിശോധിക്കാം. admission.vhseportal.kerala.gov.in ലാണ് 388 സ്കൂളുകളിലേക്കുള്ള

RNU TVPM

അലോട്ട്മെന്റ് ലഭ്യമാകുക. ആവശ്യമായ തിരുത്തലുകൾക്ക് ഈ മാസം പത്ത് വരെ അവസരമുണ്ട്.

*********************************************

## ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് നാളെ അർദ്ധരാത്രി മുതൽ ട്രോളിംഗ് നിരോധനം നിലവിൽവരും. ജൂലൈ 31 അർദ്ധരാത്രി വരെയാണ് നിരോധനം. ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും ചെയ്യുന്നതിനായാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്.

*********************************************

RNU TVPM

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് വ്യാപക മഴ. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരും നദീതീരങ്ങളിലുള്ളവരും ആവശ്യമെങ്കിൽ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണം. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കേണ്ടതാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*********************************************

## മഴ -തിരുവനന്തപുരം (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ. നഗര ഗ്രാമീണ മേഖലകളിലെല്ലാം ശക്തമായ മഴ തുടരുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്......**

(വോയിസ്)

****************************************************

## അരുവിക്കര - പൊന്മുടി

ജലനിരപ്പ് ഉയരുന്നതിനാൽ തിരുവനന്തപുരം അരുവിക്കര ഡാമിന്റെ ഒന്ന് മുതൽ നാല് വരെയുള്ള ഷട്ടറുകൾ ഉയർത്തിയ സാഹചര്യത്തിൽ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ. മണ്ണിടിച്ചിൽ സാധ്യത ഉള്ളതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പൊന്മുടി എക്കോ ടൂറിസത്തിലേക്ക് സന്ദർശകർക്ക് പ്രവേശനം ഇല്ലെന്ന് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും അറിയിച്ചു.

RNU TVPM

****************************************************

## ഫ്രഞ്ച് ഓപ്പൺ

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ജർമനിയുടെ അലക്സാണ്ടർ സ്വരേവിന്. ഇറ്റലിയുടെ ഫ്ലാവിയോ കോബോളിനെ അഞ്ചു സെറ്റു നീണ്ട ഏറ്റുമുട്ടലിൽ പരാജയപ്പെടുത്തിയാണ് സ്വരേവ് തന്റെ ആദ്യ ഗ്രാൻഡ് സ്ലാം കിരീടം സ്വന്തമാക്കിയത്. ബോറിസ് ബെക്കറിന് ശേഷം ഗ്രാൻഡ് സ്ലാം സിംഗിൾസ് ജയിക്കുന്ന ആദ്യ ജർമൻ പുരുഷതാരമാണ് സ്വരേവ്.

****************************************************

## വോളിബോൾ

കണ്ണൂർ പ്രസ്സ് ക്ലബ് സംഘടിപ്പിച്ചു വരുന്ന സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റിന്റെ ഫൈനൽ ഇന്ന്. ഗവ.വനിതാ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ന് സിറ്റി പോലീസ് കമ്മീഷണർ നയിക്കുന്ന ടീമും യുവജന സംഘടന നേതാക്കളുടെ ടീമും തമ്മിലുള്ള പ്രദർശന മത്സരവും ഉണ്ടാകും.

**********************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 457 പോയിന്റ് ഇടിഞ്ഞ് 73,787 ലും, നിഫ്റ്റി 152 പോയിന്റ് നഷ്ടത്തിൽ 23,215 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 760 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,240 രൂപയും ഗ്രാമിന് 13,905 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

**********************************************

## ഗതാഗതക്കുരുക്ക്

തലശ്ശേരി - മൈസൂർ മാക്കൂട്ടം ചുരം പാതയിൽ വൻ ഗതാഗതക്കുരുക്ക്. പുലർച്ചെ ഒരു മണിക്ക് തുടങ്ങിയ വാഹനക്കുരുക്ക് ഇപ്പോഴും തുടരുകയാണ്. കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ പങ്കെടുക്കാനായി കർണാടകയിൽ നിന്നെത്തുന്ന ഭക്തരുടെ എണ്ണം കൂടിയതാണ് കുരുക്ക് രൂക്ഷമാകാൻ കാരണമായി പറയുന്നത്. .

**********************************************

## കൊട്ടിയൂർ വൈശാഖോത്സവം

കൊട്ടിയൂർ വൈശാഖോത്സവത്തിലെ ഇളനീരാട്ടം ഇന്ന്. ഇന്നലെ രാത്രി ഇളനീർവെപ്പ് ആരംഭിച്ചു. വൈശാഖോത്സവത്തിലെ രണ്ടാമത്തെ ആരാധനയായ അഷ്ടമി ആരാധനയും ഇന്നാണ്. അവധി ദിനമായ ഇന്നലെ കൊട്ടിയൂരിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്.

**********************************************

## ബ്രെയിൻ ട്യൂമർ ദിനം

ഇന്ന് ലോക ബ്രെയിൻ ട്യൂമർ ദിനം. രോഗനിർണയം നേരത്തെ നടത്തേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം . "A Closer Look" എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNU TVPM

*********************************************************************************************

**********************************************